


DATE: 06/07/25 TO 12/07/25 HMYS HSS Kottuvallikkad e-mail:hmyshss25056@gmail.com Volume: 06




ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് എസ് പി സി യൂണിറ്റ് സംഘടിപ്പിച്ച ബോധവൽക്കരണ റാലി - സ്കൂൾ മാനേജർ ശ്രീ എം കെ ദേവദാസൻ മാസ്റ്റർ ഫ്ലാഗ് ഓഫ് ചെയ്യുന്നു ഹെഡ്മിസ്ട്രസ്സ് ഇ എൻ ബിന്ദു ടീച്ചർ, സി പി ഒ മനോജ് മാസ്റ്റർ എന്നിവർ സമീപം.

# ലോക ജനസംഖ്യാദിനം ആചരിച്ചു


കൊട്ടുവള്ളിക്കാട് : ലോക ജനസംഖ്യാദിനം വിവിധ പരിപാടികളോടെ ആചരിച്ചു. പ്രത്യേക അസംബ്ലി, ലോക ജനസംഖ്യാ ദിനം ആചരിക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രസംഗം, ക്വിസ് മത്സരം , എസ് പി സി യൂണിറ്റിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ റാലി, പോസ്റ്റർ ഡിസൈനിങ്, ഉപന്യാസ മത്സരം എന്നിവ സംഘടിപ്പിച്ചു. സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിയ ക്വിസ് മത്സരം അധ്യാപികമാരായ മിനി ടീച്ചർ ആൻസിടീച്ചർ എന്നിവർ നയിച്ചു.

എസ്പിസി യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ബോധവൽക്കരണ റാലി സ്കൂൾ മാനേജർ ശ്രീ എം കെ ദേവദാസൻ മാസ്റ്റർഫ്ലാഗ് ഓഫ് ചെയ്ത് ലോക ജനസംഖ്യാ ദിനാചരണത്തോടനുബന്ധിച്ച് നടത്തുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ ഹെഡ്മിസ്ട്രസ്സ് ഇ എൻ ബിന്ദു ടീച്ചർ, മനോജ് മാസ്റ്റർ, അമലു ടീച്ചർ, സൗമ്യ ടീച്ചർ, രൂപേഷ് മാസ്റ്റർ എന്നിവർ പങ്കെടുത്തു.


1987 ജൂലൈ 11 ന് ലോക ജനസംഖ്യ 500 കോടിയിലെത്തിയതിന്റെ സ്മരണാർത്ഥം എല്ലാവർഷവും ജൂലൈ 11 ന് ലോക ജനസംഖ്യാ ദിനമായി ആചരിക്കുന്നു. ദാരിദ്ര്യത്തിന് ആനുപാതികമായി ജനസംഖ്യയും ജനസംഖ്യയ്ക്ക് ആനുപാതികമായി ദാരിദ്ര്യവും വർദ്ധിക്കുന്നതിന് തടയിടുക, ജനസംഖ്യയ്ക്കൊപ്പം ദാരിദ്ര്യവും കുറയ്ക്കുക എന്നതാണ് ലോക ജനസംഖ്യാ ദിനാചരണത്തിന്റെ ലക്ഷ്യം.

ഐക്യരാഷ്ട്രസഭയുടെ യു എൻ ഡി പി യുടെ നേതൃത്വത്തിലാണ് ഈ ആശയം പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയുംചെയ്യുന്നത്.

ദാരിദ്ര്യ നിർമ്മാർജ്ജനം, കുടുംബാസൂത്രണം, ലിംഗ സമത്വം, എന്നിവയുടെ ആവശ്യകതയെ കുറിച്ച് പുതു തലമുറയിൽ അവബോധം സൃഷ്ടിക്കുകയും ഗുണമേന്മയുള്ള വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, ആരോഗ്യപരിരക്ഷ, എന്നിവ ഉറപ്പു നൽകി സുസ്ഥിരവികസനം നടപ്പിലാക്കുക എന്നതുമാണ് ഈ ദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. നീതിയുക്തവും പ്രതീക്ഷാനിർഭരവുമായ ഈ ലോകത്ത് തങ്ങൾ ആഗ്രഹിക്കുന്ന കുടുംബങ്ങൾ സൃഷ്ടിക്കാൻ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് ഈ വർഷത്തെ ആപ്തവാക്യം..




GREAT WORDS




WORD: SERENE



സംസ്ഥാനതല അബാക്കസ് മത്സര വിജയി പ്രണിത (8 C) യെ സ്കൂൾ അസംബ്ലിയിൽ പ്രത്യേകം അനുമോദിക്കുന്നു.

# യംഗ് ഇന്നൊവേറ്റീവ് പ്രോഗ്രാം - Y I P






അസംബ്ലിയിൽ YIP യംഗ് ഇന്നോവേഷൻ പ്രോഗ്രാം പദ്ധതി വിശദീകരണവും പരിചയപ്പെടുത്തലും കോഓർഡിനേറ്റർ അമ്പിളി അരവിന്ദ് ടീച്ചർ നടത്തുന്നു.

**യംഗ് ഇന്നൊവേറ്റീവ് പ്രോഗ്രാം - YIP (ശാസ്ത്രപഥം)**

കേരളവികസന-നവീകരണ-സ്ട്രാറ്റജിക് കൗൺസിൽ(K-DISC)ന്റെനേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പദ്ധതിയാണ് Y I P. യുവ കണ്ടുപിടുത്തക്കാരെ പ്രോത്സാഹിപ്പിക്കുകയും അവർക്ക് പുതിയ ആശയങ്ങൾ കണ്ടെത്താനും വികസിപ്പിക്കാനും അവസരങ്ങൾനൽകുകയുംചെയ്യുകഎന്നതോടൊപ്പം സമൂഹത്തിന്റെഉയർന്നുവരുന്ന ആവശ്യകതകൾ ,വ്യക്തമാക്കാത്തആവശ്യങ്ങൾ അല്ലെങ്കിൽ നിലവിലുള്ള വിപണി ആവശ്യങ്ങൾ എന്നിവ പ്രത്യേകമായി രൂപകൽപ്പന ചെയ്ത വെല്ലുവിളികളിലൂടെ കൂടുതൽ ഫലപ്രദമായി നിറവേറ്റുന്നതിനായി പുതിയ ഉൽപ്പന്നങ്ങളുടേ യോ സേവനങ്ങളുടേയോ മാതൃകകളുടേയോ ഇന്നൊവേഷനുകളിലേക്ക് ഭാവിയിലെ പുതുമുഖ ങ്ങളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്ന ഇന്നൊവേഷൻ സെഗ്മെന്റിന്റെ ഭാഗമായ ഒരു മുൻനിര പരിപാടിയാണ് Y I P.

സ്കൂളുകളിൽ പ്രത്യേകിച്ച് ഹൈസ്കൂൾ മുതൽ പ്ലസ് ടുതലം വരെ കുട്ടികളിലുള്ള കണ്ടുപിടുത്തങ്ങൾ ആശയങ്ങൾ എന്നിവ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാ - സംസ്ഥാനതല മത്സരങ്ങൾ അഞ്ച് മേഖലകളായി ( Environmental pollution, Health and Sanitation, Waste management, Elderly care, Biodiversity conservation) തിരിച്ച് നടത്തി ജേതാക്കൾക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹനവും ചെയ്തു വരുന്നു.



## 'പൂച്ചയുണ്ട് സൂക്ഷിക്കുക'

സോഷ്യൽ മീഡിയയിൽ ഇങ്ങനെയൊരു ജാഗ്രത നിർദേശം വച്ചിരിക്കുകയാണ് കേരള പോലീസ്. ഏതാനും ദിവസങ്ങളായി ഇൻസ്റ്റഗ്രാമിലും ഫെയ്സ്ബുക്കിലും ഒക്കെയായി കറങ്ങി നടക്കുന്ന ഒരു ഓറഞ്ച് പൂച്ചയാണ് പ്രശ്നക്കാരൻ. കാണാൻ ആള് സുന്ദരനാണെങ്കിലും കക്ഷിയത്ര പാവത്താൻ ഒന്നുമല്ലെന്നാണ് പോലീസും വിദഗ്ധരും പറയുന്നത്. ഈ എ ഐ പൂച്ച കുട്ടികളെ പെട്ടെന്ന് ആകർഷിക്കുകയും അടിമപ്പെടുത്തുകയും ചെയ്യും.

ഒരു സ്കൂൾ കുട്ടി കാരണമാണ് കേരള പോലീസ് ഈ പൂച്ചയെ സൂക്ഷിക്കണം എന്നൊരു ജാഗ്രത നിർദേശം പുറപ്പെടുവിച്ചത് എന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. സഹപാഠികളെ പേനകൊണ്ട് കുത്തിയും മറ്റും വളരെ ക്രൂരമായി ഉപദ്രവിക്കുമായിരുന്നു ഈ കുട്ടി. ഇരയാക്കപ്പെടുന്ന കുട്ടികൾ കരയുന്നതുവരെ അവൻ ആ പ്രവർത്തി തുടരുമായിരുന്നു.

അധ്യാപകരും മുതിർന്നവരും വഴക്കു പറഞ്ഞെങ്കിലും കൂസലില്ലാതെ അവൻ ആക്രമണം തുടർന്നു

ഈ ഓറഞ്ച് പൂച്ചയുടെ വീഡിയോകൾ രസകരമായി തോന്നിയാലും വലിയ പ്രശ്നങ്ങൾ കുട്ടികളുടെ സ്വഭാവത്തിലുണ്ടാകും എന്നതാണ് സത്യം.ഈ വീഡിയോകൾ തുടർച്ചയായി കാണുമ്പോൾ കുട്ടികളിലാണെങ്കിലും മുതിർന്നവരിലാണെങ്കിലും അറിഞ്ഞോ അറിയാതെയോ ഒരു സാഡിസ്റ്റ് മനോഭാവം അഥവാ സഹജീവികളെ വേദനിപ്പിച്ച് മറ്റുള്ളവരുടെ വേദനയിൽ സന്തോഷിക്കാനുള്ള മനസ്സ് ഉടലെടുക്കുന്നു.

കുട്ടികളുടെ മനസ്സിനെ വേഗത്തിൽ അത്തരം മനോഭാവങ്ങളിലേക്ക് അടിമപ്പെടുത്തുവാൻ ഇത്തരം വീഡിയോകൾ കാരണമാകും.

സംസ്ഥാന ബാലാവകാശ കമ്മീഷൻ സംരംഭം

## നല്ല രക്ഷാകർതൃത്വം

എല്ലാ തിരക്കുകളും കഴിഞ്ഞ് മിച്ചമുള്ള സമയത്ത് ചെയ്യുന്ന പ്രോസസ്സ് ആണ് പലർക്കും രക്ഷാകർതൃത്വം. നമ്മുടെ കുട്ടികൾക്ക് അവർ അർഹിക്കുന്ന സമയം കൊടുക്കുവാൻ മിക്കപ്പോഴും രക്ഷിതാക്കൾക്ക് സാധിക്കാറില്ല. ആ കുറ്റബോധം മറികടക്കാൻ കുട്ടികൾക്ക് നിയന്ത്രണമില്ലാതെ സ്ക്രീൻ ടൈം കൊടുക്കും, അവർ പറയുന്നതൊക്കെ ഉടനടി വാങ്ങിക്കൊടുക്കും. പറയേണ്ട 'നോ' പലപ്പോഴും പറയാതെയിരിക്കും. എന്നാൽ മാറ്റങ്ങൾ വീട്ടിൽ നിന്ന് തന്നെയാണ് തുടങ്ങേണ്ടത്. ഭക്ഷണവും, വസ്ത്രവും, വിദ്യാഭ്യാസവും കൊടുക്കുന്നതോടെ രക്ഷിതാക്കളുടെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമാകുന്നില്ല. കുട്ടികൾക്ക് സ്നേഹം, കരുതൽ, സന്തോഷമുള്ള ചുറ്റുപാടുകൾ, കൃത്യമായ മാർഗ്ഗനിർദേശങ്ങൾ എന്നിവ രക്ഷിതാക്കൾ ഉറപ്പുവരുത്തേണ്ടതാണ്. നമ്മുടെ കുട്ടികളെ മറ്റാരേക്കാളും ജീവിതവിജയത്തിലേക്ക് കൈപിടിച്ചുയർത്തുവാൻ രക്ഷിതാക്കൾക്കാണ് കഴിയുക. എന്നാൽ മാതാപിതാക്കളുടെ അമിത സംരക്ഷണം വിപരീതഫലമാണ് ചെയ്യുക. അതിനാൽ, യഥാർത്ഥ സംരക്ഷണം എന്നത് എല്ലാ വെല്ലുവിളികളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിന് പകരം പ്രതികൂല സാഹചര്യങ്ങളെ സ്വതന്ത്രമായി അഭിമുഖീകരിക്കുവാൻ അവരെ പ്രാപ്തരാക്കുകയാണ് ചെയ്യേണ്ടത്.

## SPC ജൂനിയർ ബാച്ച് -രക്ഷിതാക്കളുടെ യോഗം നടത്തി





2025-2027 ബാച്ചിലേക്ക് പ്രവേശന ലഭിച്ച എസ്പിസി കേഡറ്റുകളുടെ രക്ഷിതാക്കളുടെ യോഗം സ്കൂൾ മാനേജർ ശ്രീ എം കെ ദേവദാസൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.  വടക്കേക്കര സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ഷെറി മാഡം മുഖ്യാതിഥിയായി. സി പി ഒ മനോജ് മാസ്റ്റർ സ്വാഗതവും എസിപി ഒ അമലുതിലകൻ നന്ദിയും പറഞ്ഞു. മുൻ സി പി ഒ മാരായ ടിവി രൂപേഷ് കുമാർ, സൗമ്യ വർഗീസ് എന്നിവർ പദ്ധതി വിശദീകരണം നടത്തി




വാങ്മയം ഭാഷാ പ്രതിഭാ പുരസ്കാരം ജൂലായ് 17 -ന് സ്കൂൾ തല മത്സരം നടത്തും.

YIP ശാസ്ത്രപഥം : നിങ്ങളുടെ നിത്യ ജീവിതത്തിൽ നിങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം എന്ന നിലയിൽ നിങ്ങൾ കണ്ടെത്തുന്ന പ്രശ്നം - പരിഹാരം - നൂതന ആശയം- തിങ്കളാഴ്ച സമർപ്പിക്കാം. നിങ്ങളുടെ പേര്, ഇ മെയിൽ ഐഡി, ഫോൺ നമ്പർ എന്നിവ സഹിതം കുട്ടികൾക്ക് ആശയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.
Website: yip.kerala.gov.in

പനിയോ മറ്റ് അസുഖങ്ങളോ ഉള്ള കുട്ടികൾ പൂർണമായും അസുഖങ്ങൾ മാറിയതിനു ശേഷം മാസ്ക് ധരിച്ചു മാത്രം സ്കൂളിൽ എത്തുക.

എല്ലാ കുട്ടികളും വീട്ടിൽ നിന്ന് തിളപ്പിച്ചാറിയ വെള്ളം കൊണ്ടുവരേണ്ടതാണ്.



സ്കൂളിലെ കുട്ടികൾക്കായി നടത്തിവരുന്ന കരാട്ടെ ക്ലാസിന്റെ ഡെമോൺസ്ട്രേഷൻ കരാട്ടെ മാസ്റ്റർ ശ്രീമതി ഷൈജ നടത്തുന്നു.



ഗുരുവായൂർ ദേവസ്വം ബോർഡ് മെമ്പർ ശ്രീ വിശ്വനാഥൻ കെ പി സ്കൂളിലെ കുട്ടികൾക്കായി സൗജന്യമായി കുടയും സ്കൂൾ ബാഗും വിതരണം ചെയ്യുന്നു.




ലോക ജനസംഖ്യാദിനം ക്വിസ് മത്സര വിജയികൾ

1. നിവേദ്യ ബിജോയ് (9D)
2. അലോണ കെ എസ് (8 A)
3. ആരാധ്യ പി എസ് (8 A)



ലോക ജനസംഖ്യാ ദിനത്തോടൊരുബന്ധിച്ച് നടത്തിയ പ്രത്യേക അസംബ്ലിയിൽ ബോധവൽക്കരണ സന്ദേശം നൽകുന്നു.



ലോക ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ നിന്ന്.





ഗവൺമെന്റ് നിർദ്ദേശപ്രകാരമുള്ള വെജിറ്റബിൾ ഫ്രൈഡ് റൈസ് വിദ്യാർത്ഥികൾക്ക് നൽകുന്നു.



SPC ജൂനിയർ ബാച്ചിന്റെ പരിശീലനം ആരംഭിച്ചു.





സ്കൂളിലെ കായിക പരിശീലനങ്ങളിൽ നിന്ന്

ബോൾ ബാഡ്മിന്റൺ ഫുട്ബോൾ വോളിബോൾ